# ലാൻഡ് റവന്യൂ ജോയിന്റ് കമ്മീഷണറുടെ (i/c) നടപടിക്രമം

*(പബ്ലിക് ഓഫീസ് കോമ്പൗണ്ട്, മ്യൂസിയം ജംഗ്ഷൻ, തിരുവനന്തപുരം-33)*

**(ഹാജർ : ഡോ. എ. കൗശിഗൻ ഐ.എ.എസ്)**

**എൽ.ആർ.എൻ.1-01/2020** **തീയതി .24-12-2020**

വിഷയം: റവന്യൂവകുപ്പ് - സർവ്വെ പരിശീലനം- 2021 ജനുവരി ബാച്ച്-കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് തിരുവനന്തപുരം ഐ.എൽ.ഡി.എം, പരിശീലന കേന്ദ്രത്തിൽ ചെയിൻ സർവ്വെ പരിശീലനം പുനഃരാരംഭിച്ച് ഉത്തരവാകുന്നു.

സൂചന :

1. 21-03-2020 ലെ ജി.ഒ(എം.എസ്)49/2020/ജി.എ.ഡി നമ്പർ സർക്കാർ ഉത്തരവ്.
2. 08-09-2020 ലെ കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയം സ്കിൽ ഡവലപ്മെൻറ് കേന്ദ്രങ്ങൾക്കായി പുറത്തിറക്കിയ എസ്.ഒ.പി.
3. 22-10-2020 ലെ സർവ്വെയും ഭൂരേഖയും വകുപ്പ് ഡയറക്ടറുടെ DSLR/2346/E4 നമ്പർ കത്ത്.
4. ഈ കാര്യാലയത്തിലെ 17-11-2020 ലെ എൽ.ആർ.എൻ1-01/2020(1) നമ്പർ കത്ത്.

കോവിഡ്-19 മഹാമാരിയുടെ നിർവ്യാപനത്തിനായി സൂചന (1) ഉത്തരവ് പ്രകാരം സർക്കാർ ലോക്ക് ഡൗൺ പ്രഖ്യാപിക്കുകയും 2020 മാർച്ച് മാസത്തിലെ ചെയിൻ സർവ്വെ പരിശീലനം താത്കാലികമായി നിർത്തിവയ്ക്കുകയും ചെയ്തു. സൂചന (2) പ്രകാരം കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയം സ്കിൽ ഡവലപ്മെൻറ് കേന്ദ്രങ്ങൾ തുറന്ന് പ്രവർത്തിക്കുന്നതിന് മാനദണ്ഡങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ചെയിൻ സർവെ പരിശീലനം പുനഃരാരംഭിക്കുന്നതിന് തടസ്സമില്ലെന്ന് സർവ്വെയും ഭൂരേഖയും വകുപ്പ് ഡയറക്ടർ അഭിപ്രായപ്പെട്ടിട്ടുണ്ട്. സൂചന (4) പ്രകാരം പരിശീലനാർത്ഥികൾക്ക് താമസ സൗകര്യം ലഭ്യമല്ലാത്ത തൃശ്ശൂർ കേന്ദ്രം ഒഴിവാക്കിക്കൊണ്ടും പരിശീലനാർത്ഥികളുടെ എണ്ണം പരമാവധി 15 ആയി നിജപ്പെടുത്തിയും തിരുവനന്തപുരം ഐ.എൽ.ഡി.എം കേന്ദ്രത്തിൽ മാത്രം ചെയിൻസർവ്വെ പരിശീലനം ആരംഭിക്കുന്നതിന് എല്ലാ ജില്ലാ കളക്ടർമാരിൽ നിന്നും പരിശീലനാർത്ഥികളുടെ പട്ടിക സീനിയോറിറ്റി ക്രമത്തിൽ ആവശ്യപ്പെട്ടിരുന്നു.ബന്ധപ്പെട്ട ജില്ലാ കളക്ടർമാരിൽ നിന്നും ലഭിച്ച നാമനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ 2021 ജനുവരി ബാച്ചിന്റെ പരിശീലനം **04-01-2021 മുതൽ 30-01-2021** വരെ തിരുവനന്തപുരം ഐ.എൽ.ഡി.എം കേന്ദ്രത്തിൽ വച്ച് നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. ടി കാലയളവിൽ ചെയിൻ സർവ്വെ പരിശീലനത്തിനായി താഴെ പറയുന്ന പരിശീലനാർത്ഥികളെ നിയോഗിച്ച് ഉത്തരവാകുന്നു.

| ക്രമ നം. | പേര് | ഉദ്യോഗപ്പേര് | ജില്ല |
|---|---|---|---|
| 1 | ഷക്കീല പി.എസ്. | ക്ലാർക്ക് | തിരുവനന്തപുരം |
| 2 | ഗോപകുമാർ ആർ. | ക്ലാർക്ക് | തിരുവനന്തപുരം |
| 3 | ഗീതാകുമാരി ആർ. | ക്ലാർക്ക് | കൊല്ലം |
| 4 | എസ്.ഉദയകുമാർ | ക്ലാർക്ക് | പത്തനംതിട്ട |
| 5 | കാർത്തിക് ഡി. | ക്ലാർക്ക് | ആലപ്പുഴ |
| 6 | റോബിൻ എം.എ | ക്ലാർക്ക് | കോട്ടയം |
| 7 | അജയകുമാർ കെ.വി. | ക്ലാർക്ക് | എറണാകുളം |
| 8 | ഷിനു എസ്.മുഹമ്മദ് | ക്ലാർക്ക് | എറണാകുളം |
| 9 | രമ്യ കെ.എസ്. | ക്ലാർക്ക് | എറണാകുളം |

| | | | |
|---|---|---|---|
| 10 | പ്രിയദർശിനി സി.ജെ | ക്ലാർക്ക് | തൃശ്ശൂർ |
| 11 | മീര വി.എ | ക്ലാർക്ക് | തൃശ്ശൂർ |
| 12 | രഞ്ജിത്ത് ആർ. | ക്ലാർക്ക് | മലപ്പുറം |
| 13 | ശ്രീദേവി ആർ. | ക്ലാർക്ക് | കോഴിക്കോട് |
| 14 | ബ്രിസ്റ്റോ ടോം | ക്ലാർക്ക് | വയനാട് |
| 15 | അനവദ്യ എസ്. | ക്ലാർക്ക് | കണ്ണൂർ |

മേൽ പരാമർശിക്കുന്ന ജീവനക്കാരെ **04-01-2021-ന് രാവിലെ 10-മണിയ്ക്ക്** സർവ്വെയും ഭൂരേഖയും വകുപ്പ് അസിസ്റ്റന്റ് ഡയറക്ടർ , സെൻട്രൽ സർവ്വെ ഓഫീസ്, തിരുവനന്തപുരം മുമ്പാകെ ഹാജരാകണമെന്നുള്ള നിർദ്ദേശത്തോടെ ബന്ധപ്പെട്ട ഓഫീസ് മേലധികാരി /ജില്ലാ കളക്ടർമാർ വിടുതൽ ചെയ്യേണ്ടതാണ്. ടി ജീവനക്കാർ ഇതിനു മുമ്പ് ചെയിൻ സർവ്വെ പരിശീലനം നേടിയിട്ടില്ലെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

ചെയിൻ സർവ്വെ പരിശീലനത്തിന് നിയോഗിക്കപ്പെടുന്ന ജീവനക്കാർ അനുബന്ധമായി ചേർത്തിരിക്കുന്ന സമ്മതപത്രം നൽകേണ്ടതും ചെയിൻ സർവ്വെ പരിശീലനത്തിനായി പുറപ്പെടുവിച്ച സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസിജിയർ അനുസരിച്ച് പരിശീലനം നേടേണ്ടതുമാണ്. കോവിഡ് നെഗറ്റീവ് സർട്ടിഫിക്കറ്റ് (ഈ ഉത്തരവ് തീയതിക്കുശേഷം നടത്തിയ കോവിഡ്-19 ആർ.റ്റി.പി.സി.ആർ പരിശോധനാഫലം നെഗറ്റീവ് ആയ സാക്ഷ്യ പത്രം) ഹാജരാക്കാത്ത പരിശീലനാർത്ഥികളെ പരിശീലനകേന്ദ്രത്തിൽ പ്രവേശിപ്പിക്കുന്നതല്ല. ക്വാറന്റീനിൽ കഴിയുന്ന ജീവനക്കാർ ചെയിൻ സർവ്വെ പരിശീലനത്തിൽ പങ്കെടുക്കാൻ പാടില്ല.

പരിശീലനത്തിനായി നിയോഗിക്കപ്പെട്ട വിവരം സേവനപുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കേണ്ടതാണ്.

മേൽ പരാമർശിച്ചിട്ടുള്ള ജീവനക്കാരെ പരിശീലനത്തിനായി വിടുതൽ ചെയ്ത വിവരവും പരിശീലനത്തിനായി ഹാജരായ വിവരവും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഈ കാര്യാലയത്തിൽ യഥാസമയം അറിയിക്കേണ്ടതാണ്.

(ഒപ്പ്)

ജോയിന്റ് കമ്മീഷണർ(i/c)

പരിശീലനാർത്ഥികൾക്ക്
(ജില്ലാ കളക്ടർ/ഓഫീസ് മേധാവി മുഖാന്തിരം)

പകർപ്പ്

1. ഡയറക്ടർ, സർവ്വെയും ഭൂരേഖയും വകുപ്പ്, തിരുവനന്തപുരം
2. ഡയറക്ടർ, ഐ.എൽ.ഡി.എം., പി.റ്റി.പി. നഗർ, തിരുവനന്തപുരം.
3. സർവ്വെ അസിസ്റ്റന്റ് ഡയറക്ടർ, സെൻട്രൽ സർവ്വെ ഓഫീസ്, തിരുവനന്തപുരം.
4. ജില്ലാകളക്ടർ, തിരുവനന്തപുരം/ആലപ്പുഴ/കോട്ടയം/ഇടുക്കി/ എറണാകുളം/തൃശ്ശൂർ/പാലക്കാട്/ മലപ്പുറം/കോഴിക്കോട്/ കണ്ണൂർ/കാസറഗോഡ്.
5. നോഡൽ ഓഫീസർ ,സ്റ്റേറ്റ് ഐ.ടി. സെൽ( വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
6. കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്

# സമ്മതപത്രം

ലാൻഡ് റവന്യൂ വകുപ്പിൽ ................................................ ജില്ലാ എസ്റ്റാബ്ലിഷ്മെന്റിനു കീഴിൽ.......................................................... ...... ............................................................................................................... (കാര്യാലയം)-ൽ ക്ലാർക്ക്/സീനിയർ ക്ലാർക്ക് (തസ്തികമാറ്റം വഴി) ജോലിനോക്കുന്ന...............(PEN) ലഭിച്ചിട്ടുള്ള......................... ..............................................................(പേര്) എന്ന ഞാൻ, കേരള റവന്യൂ മിനിസ്റ്റീരിയൽ സബോർഡിനേറ്റ് സർവ്വീസ് (ഭേദഗതി) വിശേഷാൽ ചട്ടങ്ങൾ,1996-ൽ അനുശാസിക്കുന്നതനുസരിച്ച്, ചെയിൻ സർവ്വെ പരിശീലനത്തിന് പങ്കെടുക്കുന്നതിന് താൽപര്യമുണ്ടെന്നും കോവിഡ്-19 രോഗത്തെകുറിച്ച് പൂർണ്ണമായ അറിവും ധാരണയോടും കൂടി പരിശീലനത്തിൽ പങ്കെടുത്തുകൊള്ളാമെന്നും കോവിഡ്-19 നിർവ്യാപന മാനദണ്ഡങ്ങൾ കർശനമായും പാലിച്ചുകൊണ്ട് പരിശീലനം പൂർത്തീകരിക്കാമെന്നും ഇതിനാൽ സമ്മതിച്ചിരിക്കുന്നു.

ഒപ്പ്:
പേര്:
വിലാസം

സ്ഥലം.................................

തീയതി.................................

നം. എൽ.ആർ. എൻ.1-02/2020

ലാൻഡ് റവന്യൂ കമ്മീഷണറുടെ കാര്യാല
പബ്ലിക് ഓഫീസ് ബിൽഡിം
മ്യൂസിയം ജംഗ്ഷൻ, തിരുവനന്തപുരം -3
ഇമെയിൽ.acreclr@gmail.com.

തീയതി . 27 /11/2020

## ചെയിൻ സർവ്വെ ,ഹയർ സർവ്വെ പരിശീലനങ്ങൾ പുന:രാരംഭിക്കുന്നതിനുള്ള മാർഗ്ഗരേഖ

താഴെ പറയുന്ന നിർദ്ദേശങ്ങളെ കൂടാതെ സമയാസമയം സർക്കാർ പുറപ്പെടുവിക്കുന്ന കോവിഡ് മാനദണ്ഡങ്ങളും കർശനമായി പാലിച്ച് പരിശീലനങ്ങൾ നടത്തേണ്ടതാണ്.

### 1. ഐ.എൽ.ഡി.എം. നടപ്പിലാക്കേണ്ടത്

**I) പ്രവേശന കവാടത്തിൽ താഴെ പറയുന്നവ സജ്ജീകരിക്കേണ്ടതാണ്.**

1) സാനിറ്റൈസർ, ശരീരോഷ്മാവ് പരിശോധിക്കുന്നതിനുള്ള തെർമ്മൽ സ്ക്രീനിംഗ് എന്നിവ സജ്ജീകരിക്കേണ്ടതാണ്
2) പരിശീലനാർത്ഥികൾ ഹാജരാക്കുന്ന കോവിഡ് നെഗറ്റീവ് സർട്ടിഫിക്കറ്റ് പരിശോധിച്ചതിനു ശേഷം മാത്രമേ പ്രവേശന അനുമതി നൽകാവൂ.
3) കോവിഡ് മാനദണ്ഡങ്ങൾ പാലിക്കേണ്ടതിന്റെ മാർഗ്ഗരേഖ പരിശീലനാർത്ഥികൾ കാണുന്ന വിധം പ്രദർശിപ്പിക്കേണ്ടതാണ്.

**II) ക്ലാസ് റൂം**

1) തിയറി ക്ലാസുകൾ സാമ്പ്രദായിക രീതിയിലും (regular teaching method) വിവര സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായും (Information Technology) സമ്മിശ്രമായി പഠിപ്പിക്കുന്നിനുള്ള സജ്ജീകരണങ്ങൾ.
2) എല്ലാ പഠനോപകരണങ്ങളും 70% ആൾക്കഹോൾ അടങ്ങിയ wipes (തുണി) ഉപയോഗിച്ച് ഇടവി വൃത്തിയാക്കൽ, പഠനോപകരണങ്ങൾ, കമ്പ്യൂട്ടറുകൾ, ടോട്ടൽ സ്റ്റേഷനുകൾ മുതലായ മ ഉപകരണങ്ങൾ സമയാസമയം അണുവിമുക്തമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
3) കോവിഡ് മാനദണ്ഡ പ്രകാരമുള്ള സാമൂഹിക അകലം ഉറപ്പാക്കി വേണം ക്ലാസ് റൂമിലെ സീറ്റുകൾ ക്രമീകരിക്കേണ്ടത്.(6 അടി അകലം)
4) ക്ലാസ് റൂമുകളും താമസിക്കുന്ന മുറികളും 1% വീര്യമുള്ള സോഡിയം ഹൈപ്പോക്ലോറൈ ഉപയോഗിച്ച് എല്ലാ ദിവസവും അണുവിമുക്തമാക്കൽ.

**III. പൊതു ഇടങ്ങൾ**

1) ശുചിമുറിയും, ലവോറട്ടറീസുകളും സമയാസമയം അണുവിമുക്തമാക്കേണ്ടതാണ്.
2) ഉപയോഗിച്ച മാസ്കുകളും/മുഖാവരണങ്ങളും കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് പ്രത്യേ ബിന്നുകളിൽ അടച്ച് സംസ്കരിക്കേണ്ടതാണ്.
3) ഹൗസ് കീപ്പിംഗ് വിഭാഗത്തിൽപ്പെട്ട ജീവനക്കാർക്ക് കൃത്യമായ കോവിഡ് നിർവ്യാപന സംബന്ധിച്ച പരിശീലനം.
4) പരിശീലനാർത്ഥികൾക്ക് മെസ്സ് സൗകര്യം ഏർപ്പെടുത്തേണ്ടതും കോവിഡ് മാനദണ്ഡങ്ങൾ പാലി തിരക്ക് ഒഴിവാക്കുന്നതിന് ഓരോരുത്തർക്കും വ്യത്യസ്ത സമയക്രമം നിശ്ചയിക്കേണ്ടതുമാണ്.

5) പരിശീലനം നൽകുന്ന കാലയളവിൽ പരിശീലന സ്ഥലത്തും, താമസിക്കുന്ന മുറികളിലും പുറമേ നിന്നുള്ളവർക്ക് പ്രവേശനമോ, അവശ്യഘട്ടങ്ങളിലല്ലാതെ പുറത്തേയ്ക്ക് പോകുന്നതിനുള്ള അനുവാദമോ നൽകരുത്. മുൻകൂർ അനുവാദത്തോടുകൂടി മാത്രം പരിശീലനാർത്ഥികൾക്ക് പുറത്തേയ്ക്ക് പോകാൻ അനുവാദം നൽകേണ്ടതാണ്.

6) കോവിഡ് പ്രതിരോധം സംബന്ധിച്ച മാർഗ്ഗരേഖകൾ പ്രദർശിപ്പിക്കേണ്ടതാണ്.

7) പനി, ചുമ, ശ്വാസതടസ്സം മുതലായവ അനുഭവപ്പെടുന്ന പരിശീലനാർത്ഥികളെ മറ്റുള്ളവരിൽ നിന്നും മാറ്റിപ്പാർപ്പിക്കേണ്ടതും കുടുംബാംഗങ്ങളെ വിവരം അറിയിക്കേണ്ടതും സ്റ്റേറ്റ് ഹെൽപ്പ് ലൈനിൽ നിന്നും വൈദ്യസഹായം അഭ്യർത്ഥിക്കേണ്ടതുമാണ്.

8) കോവിഡ് പ്രോട്ടോക്കോൾ സംബന്ധിച്ച ഒരു ക്ലാസ്.

9) കോവിഡ് സംബന്ധിച്ച് ഉത്കണ്ഠയോ, ഡിപ്രഷനോ ഉള്ള പരിശീലനാർതഥികൾക്ക് ജില്ലാ മെഡിക്കൽ ഓഫീസറുടെ സഹകരണത്തോടെ സംശയദൂരീകരണം വരുത്തേണ്ടതും കൗൺസലിംഗ് നൽകുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തേണ്ടതുമാണ്.

## 2. സർവ്വെ ഡയറക്ടറേറ്റ് നടപ്പിലാക്കേണ്ടത്

1) പരിശീലന ബാച്ചിന്റെ അംഗസംഖ്യ 30-ൽ നിന്ന് 15 ആയി കുറയ്ക്കണം.
2) ഹൈറിസ്ക് കാറ്റഗറിയിൽപ്പെട്ട ഫാക്കൽറ്റികളെ പരിശീലനത്തിന് നിയോഗിക്കരുത്.
3) ട്രെയിനിംഗ് ഫാക്കൽറ്റി കോവിഡ് നെഗറ്റീവ് സർട്ടിഫിക്കറ്റ് ഹാജരാക്കണം.
4) പരിശാലനാർത്ഥികൾ കോവിഡ് മാനദണ്ഡമനുസരിച്ച് മാസ്കും, സാനിറ്റൈസറും ഉപയോഗിക്കുന്നുണ്ടെന്ന് പരിശീലകർ ഉറപ്പു വരുത്തേണ്ടതാണ്.
5) എല്ലാ ദിവസവും പരിശീലനം ആരംഭിക്കുന്നതിന് മുമ്പ് ശരീരോഷ്മാവ് അളക്കേണ്ടതാണ്.

## 3. ജില്ലാ കളക്ടർമാർ ഉറപ്പു വരുത്തേണ്ടത്

1) നിരീക്ഷണകാലം പൂർത്തീകരിക്കുന്നതിനുള്ള സമയപരിധി കഴിഞ്ഞവർക്കും കഴിയാറായവർക്കും നാമ നിർദ്ദേശം നൽകുന്നതിൽ മുൻഗണന നൽകുക
2) സർവ്വെ പരിശീലനങ്ങൾക്ക് സമയപരിധിക്കുള്ളിൽ വകുപ്പ് തലത്തിൽ നിയോഗിച്ചുകൊണ്ട് ഉത്തരവ് ലഭിക്കാത്ത ജീവനക്കാരുടെ പട്ടിക സീനിയോറിറ്റി ക്രമത്തിൽ തയ്യാറാക്കേണ്ടതാണ്.
3) സർവ്വെ പരിശീലനത്തിന് സ്വമേധയാ പങ്കെടുക്കുന്നതിനുള്ള സാക്ഷ്യപത്രം ജീവനക്കാരിൽ നിന്നും വാങ്ങേണ്ടതാണ്.
4) ഹൈറിസ്ക് കാറ്റഗറിയിൽപ്പെട്ട ജീവനക്കാരെ നാമനിർദ്ദേശം ചെയ്യുമ്പോൾ സ്വീകരിക്കേണ്ട മുൻകരുതലുകളെകുറിച്ച് പരിശീലനാർത്ഥികളെ ബോധവത്കരിക്കേണ്ടതാണ്.

## 4. പരിശീലനാർത്ഥികൾ പാലിക്കേണ്ടത്

1. കോവിഡ് നെഗറ്റീവ് സർട്ടിഫിക്കറ്റ് ഹാജരാക്കണം.
2 മാസ്ക്, ഗ്ലൗസുകൾ, സാനിറ്റൈസറുകൾ എന്നിവ സ്വന്തം നിലയ്ക്ക് കരുതേണ്ടതും കൃത്യമായി ഉപയോഗിക്കേണ്ടതുമാണ്.
3. എല്ലാ വ്യക്തികളും പരസ്പരം 6 അടി അകലം പാലിക്കണം.
4. പഠനോപകരണങ്ങളിൽ സ്പർശിക്കുന്നതിനു മുൻപും ശേഷവും കൈകൾ സാനിറ്റൈസ് ചെയ്തിരിക്കണം.
5. ഇടയ്ക്കിടയ്ക്ക് കൈകൾ സോപ്പുപയോഗിച്ച് കഴുകാൻ ശ്രദ്ധിക്കേണ്ടതാണ്.

6. ഉപയോഗിച്ച മാസ്കുകളും പ്രതിരോധ വസ്തുക്കളും അലക്ഷ്യമായി കൈകാര്യം ചെയ്യാതെ കവറുകളിൽ സൂക്ഷിക്കേണ്ടതും, നിർദ്ദിഷ്ട വേസ്റ്റ് ബിന്നുകളിൽ നിക്ഷേപിക്കേണ്ടതുമാണ്.

7. പരിശീലനത്തിനു ശേഷമുള്ള ഇടവേളകളിൽ കൂട്ടം കൂടുന്നത് കർശനമായി ഒഴിവാക്കേണ്ടതാണ്.

8. വ്യക്തിശുചിത്വം പാലിക്കുന്നതിൽ ജാഗ്രത പുലർത്തേണ്ടതും സ്വയം നിരീക്ഷിക്കുകയും എന്തെങ്കിലും രോഗലക്ഷണങ്ങൾ കണ്ടാൽ പരിശീലന ഹാളിൽ ഹാജരാകാതെ ബന്ധപ്പെട്ട അധികൃതരെ അറിയിക്കേണ്ടതുമാണ്.

9. പരിശീലന കാലാവധി കഴിയുന്നതുവരെ പുറത്തുനിന്നുള്ളവരുമായി ഇടപഴകുന്നതും പരിശീലന കേന്ദ്രത്തിന്റെ അതിർത്തിക്ക് പുറത്തേയ്ക്ക് പോകുന്നതും പരമാവധി ഒഴിവാക്കേണ്ടതാണ്. അവശ്യഘട്ടങ്ങളിൽ അധികൃതരുടെ അനുവാദത്തോടെ മാത്രമേ പുറത്തേയ്ക്ക് പോകാൻ പാടുള്ളൂ.

10 ഹൈറിസ്ക് കാറ്റഗറിയിൽപ്പെട്ടവർ പരിശീലനങ്ങളിൽ പങ്കെടുക്കുമ്പോൾ ആവശ്യമായ മുൻ കരുതലുകൾ സ്വീകരിക്കേണ്ടതാണ്.

(ഒപ്പ്
കമ്മീഷണർ

അംഗീകാരത്തോടെ,

സബിൻ സമീദ്,
അസിസ്റ്റന്റ് കമ്മിഷണർ (ആർ.ഇ)
കമ്മീഷണർക്കുവേണ്ടി.

ഡി5